(ഡി) താൽക്കാലിക നിയമനം സ്ഥിരപ്പെടുത്തുമ്പോൾ ഓരോ തസ്തികയിലും നിയമനം ലഭിച്ച പിന്നോക്ക/പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ എണ്ണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുള്ള ശമ്പള പരിഷ്ക്കരണ കരാറിലെ വ്യവസ്ഥകൾ പ്രകാരം 8 സേവന വർഷകാലം പൂർത്തിയാക്കിയ 2630 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഒരു വർഷം 120 ഡ്യൂട്ടിയെങ്കിലും പൂർത്തിയാക്കി 8 വർഷം 31-8-2008-നു മുമ്പായി തികച്ചിരിക്കണം. 1-9-2008-ൽ കെ.എസ്.ആർ.ടി.സി.യുടെ റോളിൽ സജീവമായി ഉണ്ടായിരിക്കണം. സെപ്റ്റംബർ 1 മുതൽ ആഗസ്റ്റ് 31 വരെയായിരിക്കും ഓരോ സേവന വർഷത്തിന്റെയും ദൈർഘ്യം.

(സി) ഇപ്പോൾ സമർപ്പിച്ചിട്ടുള്ള പട്ടികയിൽ 1447 കണ്ടക്ടർമാരും, 786 ഡ്രൈവർമാരും, 299 മെക്കാനിക്കുകളും 5 വർക്ക് അസിസ്റ്റന്റുകളും 16 ടയർ റീട്രേഡർമാരും, 3 പെയിന്റർമാരും 18 ഇലക്ട്രീഷ്യൻമാരും 39 ബ്ലാക്ക്സ്മിത്തുകളും 12 വെൽഡർമാരും 4 അപ്ഹോൾസ്റ്റർമാരും 1 മെഷീനിസ്റ്റും ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വിരമിച്ച ട്രാൻസ്പോർട്ട് ജീവനക്കാർക്ക് പെൻഷൻ

186 (1914) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിരമിച്ച ട്രാൻസ്പോർട്ട് ജീവനക്കാർക്ക് സമയബന്ധിതമായി പെൻഷൻ നൽകുവാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പ്രതിമാസം 45 കോടിയിൽപരം രൂപവരുമാന കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷനിൽ ശമ്പളത്തിന് 35 കോടി രൂപയും പെൻഷന് 22 കോടി രൂപയും വേണ്ടിവരുന്നുണ്ട്. വരുമാനവും ചെലവും തമ്മിൽ ഗണ്യമായ അന്തരമുള്ളതിനാൽ ശമ്പളം കൊടുക്കുന്നതിനും കെ.ടി.ഡി.എഫ്.സി.-യിൽ നിന്ന് ലോൺ എടുക്കേണ്ട അവസ്ഥയിലാണ്. ശമ്പളം നൽകുന്നതിന് മാസത്തിന്റെ അവസാന ദിവസം കെ.ടി.ഡി.എഫ്.സി. യിൽ നിന്ന് ലോൺ എടുക്കുന്നതിനാൽ പിറ്റേമാസം ആദ്യവാരംതന്നെ പെൻഷൻ കൊടുക്കുന്നതിന് കോർപ്പറേഷന്റെ അക്കൗണ്ടിൽ വേണ്ടത്ര പണമുണ്ടാകുകയില്ല എന്നു മാത്രമല്ല കെ.ടി.ഡി.എഫ്.സി യിൽനിന്ന് മാസത്തിന്റെ ആദ്യം തന്നെ വേണ്ടത്ര ലോൺ ലഭിക്കുകയുമില്ല. ഈ സാഹചര്യം നിലനിൽക്കുമ്പോൾതന്നെ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് പ്രവർത്തനമൂലധനത്തിനായി കെ.ടി.ഡി.എഫ്.സി.-യിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് 35 കോടി രൂപ നിരക്കിൽ വായ്പയെടുക്കാൻ അനുമതി നൽകിയിരുന്നത് കെ.ഡി.ഡി.എഫ്.സി. പ്രതിമാസ വായ്പ 20 കോടി രൂപ നിരക്കിലാക്കി കുറച്ചു. ഇക്കാരണത്താൽ പ്രതിമാസം 35 കോടിയിൽപ്പരം വരുമാന കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന് പെൻഷൻ സമയബന്ധിതമായി കൊടുക്കുവാൻ കഴിയില്ല. എന്നാൽ, നാളിതുവരെ കെ.എസ്.ആർ.ടി.സ്.-യിൽ പെൻഷൻ കുടിശ്ശിക വരുത്താതെ അതാതുമാസംതന്നെ നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മാസാദ്യം ഒരു കൃത്യമായ ദിവസം നൽകുന്നതിന് കഴിയില്ല.

സർക്കാർ വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന്റെ നടപടിക്രമങ്ങൾ

187 (1915) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ബി) ചുവന്ന ടോപ് ലൈറ്റ് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുള്ള വരുടെ ലിസ്റ്റും ഉപയോഗക്രമവും വ്യക്തമാക്കുമോ ;

(സി) നീല ടോപ്പ് ലൈറ്റ് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുള്ള വരുടെ ലിസ്റ്റ് നൽകുമോ ;

(ഡി) കേന്ദ്ര വാഹനനിയമത്തിൽ ഇക്കാര്യങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളിൽ സംസ്ഥാനം എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വരുത്തിയിട്ടുള്ള മാറ്റത്തിന്റെ വിശദവിവരം നൽകുമോ ;

(ഇ) സ്വകാര്യവാഹനങ്ങൾ ഇത്തരം ടോപ് ലൈറ്റുകൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിയമം ലംഘിച്ചവർക്കെതിരെ സംസ്ഥാനത്ത് എവിടെയെങ്കിലും കേസെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 108(1)(3) പ്രകാരം കാലാകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉന്നത സ്ഥാനീയരെ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളിൽ ചുവപ്പ് നിറത്തിലുള്ള ടോപ്പ് ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

കേന്ദ്ര മോട്ടാർ വാഹന ചട്ടം 108(2) പ്രകാരം ആരുടെയൊക്കെയോ വാഹനങ്ങളിൽ മിന്നിക്കത്തുന്ന നീലടോപ്പ് ലൈറ്റ് ഉപയോഗിക്കാമെന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നതുനുമുള്ള അധികാരം സംസ്ഥാന സർക്കാരിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly